# സൗഖ്യദാനം സഭയുടെ ദൗത്യം :

## ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്ത

റാന്നി: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നിലയ്ക്കൽ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിലുള്ള 49-ാമത് റാന്നി-നിലയ്ക്കൽ ഓർത്തഡോക്സ് കൺവൻഷനോടനുബന്ധിച്ച് ഇട്ടിയപ്പാറ മാർ ഗ്രീഗോറിയോസ് കാതോലിക്കേറ്റ് സെന്ററിൽ വച്ച് ഭദ്രാസന മർത്തമറിയം സമാജം സമ്മേളനം നടത്തപ്പെട്ടു. വെരി.റവ.വി.റ്റി.ജോസഫ് കോർ എപ്പിസ്കോപ്പായുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. ക്രിസ്തീയ ജീവിതം യാദൃശ്ചിക സംഭവങ്ങളുടെ കൂട്ടിച്ചേർക്കലുകളല്ല എന്നും ദൈവീക പദ്ധതികളുടെ സമഗ്രമായ ആവിഷ്കരണമാണ് എന്നും ക്രിസ്തീയ സമൂഹം സൗഖ്യദായക സമൂഹമായി രൂപാന്തരപ്പെടണമെന്നും മെത്രാപ്പോലീത്ത പറഞ്ഞു. സഭയുടെ മാനവശാക്തീകരണ വിഭാഗം നടപ്പിലാക്കുന്ന "നേർവഴി" ഭദ്രാസനതല സമാപന സമ്മേളനവും സമഗ്രസൗഖ്യ പദ്ധതിയുടെയും ഓർത്തഡോക്സ് മെഡിക്കൽ ഫോറത്തിന്റെയും ഉദ്ഘാടനവും സമ്മേളനത്തിൽ വച്ച് നടത്തപ്പെട്ടു. ഭദ്രാസന സെക്രട്ടറി റവ.ഫാ.ഷൈജു കുര്യൻ, വെരി.റവ.യാക്കോബ് റമ്പാൻ കോർ എപ്പിസ്കോപ്പ, റവ.ഫാ.എബി വർഗീസ്, റവ.ഫാ.സൈമൺ വർഗീസ് തുടങ്ങിയവർ പ്രസംഗിച്ചു.